## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2135** 06.10.2016- ൽ മറുപടിക്ക്

## കുട്ടനാട്ടിലെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 13-ാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ കുട്ടനാട്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ അടച്ച തുകയുടെയും റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെയും വിശദാംശം വ്യക്തമാക്കാമോ? | (എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ കുട്ടനാട്ടിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി റോഡ് പുനരുദ്ധാരണത്തിന് കേരള വാട്ടർ അതോറിറ്റി രണ്ട് ഗഡുക്കളായി 5,53,23,000/- രൂപ (ഡി.ഡി നമ്പർ 809593 തീയതി 09/12/2014 പ്രകാരം 3,28,23,000/- രൂപയും, ഡി.ഡി നമ്പർ 812504 തീയതി 18/02/2015 പ്രകാരം 2,25,00,000/- രൂപയും) പൊതുമരാമത്ത് വകുപ്പിൽ അടച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കുട്ടനാട്ടിലെ പുളിങ്കുന്ന്, രാമങ്കരി, എടത്വ സെക്ഷനുകളിലെ 28 റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ